**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4680 — 18.12.2014 ലെ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത അധ്യാപകർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ 2011 ആഗസ്റ്റ് മുതൽ നിയമിക്കപ്പെട്ട് ഇനിയും നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത എത്ര അധ്യാപകർ ഉണ്ട് എന്നത് ഉപ ജില്ല, വിദ്യാഭ്യാസ ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) യും (ബി) യും | കോഴിക്കോട് ജില്ലയിലെ 2011 ആഗസ്റ്റ് മുതൽ നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത അദ്ധ്യാപകരുടെ പേരു വിവരവും ജില്ല തിരിച്ചുള്ള പട്ടികയും ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത അധ്യാപകരുടെ പേരു വിവരം സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ; | | |
| (സി) | ശമ്പളമില്ലാത്ത ജോലി ചെയ്യുന്ന പ്രസ്തുത അധ്യാപകർക്ക് നിയമനാംഗീകാരം നൽകി ശമ്പളം ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | 2011 നശേഷം നിയമിതരായവർക്ക് നിയമനാംഗീകാരം നൽകി സർക്കാർ ഇതിനകംതന്നെ 23.12.2014 ൽ സ.ഉ. (പി) 278/12/പൊവിവ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 15.1.2015 ലെ WP © 30107/13 ഉം അനുബന്ധകേസുകളിലേയും പൊതുവായ ഹൈക്കോടതി വിധിപ്രകാരം അദ്ധ്യാപക പാക്കേജ് ഉത്തരവുകളും തസ്തികനിർണ്ണയ മാർഗ്ഗനിർദ്ദേശങ്ങളുൾപ്പെടെ അനുബന്ധ ഉത്തരവുകളും റദ്ദ് ചെയ്തിരിക്കുകയാണ്. പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. കോടതി ഉത്തരവുകൾക്ക വിധേയമായി മാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ